ടി.കെ ഉബൈദ്



സൂറ - 47

# മുഹമ്മദ്

مُحَمَّد

### സൂക്തം 35-38

അല്ലാഹുവിലുള്ള വിശ്വാസവും കൂറും വിധേയത്വവുമാണ് മനുഷ്യനെ ഉന്നതനാക്കുന്നത്. അതുകൊണ്ട് സത്യവിശ്വാസികൾ തന്നെയാണ് അവരുടെ വിരോധികളെക്കാളും കപട വിശ്വാസികളെക്കാളും ഔന്നത്യമുള്ളവർ. വിശ്വാസവും കൂറുമാണ് ഔന്നത്യത്തിന് അടിസ്ഥാനമെന്ന് മറ്റൊരിടത്ത് പ്രസ്താവിക്കുന്നുണ്ട്. وَلَا تَهِنُوا وَلَا تَحْزَنُوا وَأَنتُمُ الْأَعْلَوْنَ إِن كُنتُم مُّؤْمِنِينَ (നിങ്ങൾ ദുർബലരാവരുത്, ദുഃഖിക്കരുത്. യഥാർഥ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതർ- 3:139).

فَلَا تَهِنُوا۟ وَتَدْعُوٓا۟ إِلَى ٱلسَّلْمِ وَأَنتُمُ ٱلْأَعْلَوْنَ وَٱللَّهُ مَعَكُمْ وَلَن يَتِرَكُمْ أَعْمَـٰلَكُمْ ﴿٣٥﴾ إِنَّمَا
ٱلْحَيَوٰةُ ٱلدُّنْيَا لَعِبٌ وَلَهْوٌ ۚ وَإِن تُؤْمِنُوا۟ وَتَتَّقُوا۟ يُؤْتِكُمْ أُجُورَكُمْ وَلَا يَسْـَٔلْكُمْ أَمْوَٰلَكُمْ ﴿٣٦﴾
إِن يَسْـَٔلْكُمُوهَا فَيُحْفِكُمْ تَبْخَلُوا۟ وَيُخْرِجْ أَضْغَـٰنَكُمْ ﴿٣٧﴾

*35*

*ആകയാൽ ദുർബലരാവരുത്, ശത്രുക്കളോട് സന്ധിക്ക് അപേക്ഷിക്കുകയും ചെയ്യുകൂടാ. നിങ്ങൾ തന്നെയാണ് ഉന്നതർ. അല്ലാഹു നിങ്ങളോടൊപ്പമുണ്ടല്ലോ. അവൻ നിങ്ങളുടെ പ്രയത്നങ്ങൾ ഒരിക്കലും കുറച്ചു കാണുകയില്ല.*

*36*

*ഭൗതിക ജീവിതം ഒരു കളിതമാശ മാത്രമാകുന്നു. സത്യസന്ധമായി വിശ്വസിക്കുകയും അല്ലാഹുവിന്റെ വിധിവിലക്കുകൾ ആത്മാർഥമായി അനുസരിക്കുകയുമാണെങ്കിൽ അർഹിക്കുന്ന കർമഫലം നിങ്ങൾക്ക് ലഭിക്കും. അവൻ നിരന്തരം നിർബന്ധിച്ച് നിങ്ങളുടെ ധനം ചോദിക്കുന്നില്ല.*

*37*

*അങ്ങനെ നിരന്തരം നിർബന്ധിച്ച് ചോദിച്ചുകൊണ്ടിരുന്നാൽ നിങ്ങൾ ലുബ്ധരാകും. നിങ്ങളുടെ മനോ ദൗഷ്ട്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്യും.*

| | |
|---|---|
| ആകയാൽ നിങ്ങൾ ദുർബലരാവരുത് | فَلَا تَهِنُوا |
| സന്ധിയിലേക്ക് വിളിക്കരുത് (ശത്രുക്കളോട് സന്ധിക്ക് അപേക്ഷിക്കുകയും ചെയ്യരുത്) | وَتَدْعُوا إِلَى السَّلْمِ |
| നിങ്ങൾ തന്നെയാണ് ഉന്നതന്മാർ | وَ أَنتُمُ الْأَعْلَوْنَ |
| അല്ലാഹു നിങ്ങളുടെ കൂടെയുണ്ടല്ലോ | وَاللَّهُ مَعَكُمْ |
| അവൻ ഒരിക്കലും നിങ്ങളെ കുറക്കു(റച്ചു കാണു)കയില്ല | وَلَن يَتِرَكُمْ |
| നിങ്ങളുടെ പ്രയത്നങ്ങൾ | أَعْمَالَكُمْ |
| ഐഹി (ഭൗതി)ക ജീവിതം ഒരു കളിയും തമാശയും മാത്രമാകുന്നു | إِنَّمَا الْحَيَاةُ الدُّنْيَا لَعِبٌ وَلَهْوٌ |
| നിങ്ങൾ (സത്യസന്ധമായി) വിശ്വസിക്കുകയും തഖ് വയുള്ളവരാവുകയും (അല്ലാഹുവിന്റെ വിധിവിലക്കുകൾ ആത്മാർഥമായി അനുസരിക്കുകയും)ആണെങ്കിൽ | وَإِن تُؤْمِنُوا وَتَتَّقُوا |
| അവൻ നിങ്ങൾക്ക് തരും (ലഭിക്കും) | يُؤْتِكُمْ |
| നിങ്ങളുടെ (അർഹിക്കുന്ന) പ്രതിഫലം | أُجُورَكُمْ |
| അവൻ (നിരന്തരം നിർബന്ധിച്ച്) നിങ്ങളോട് ചോദിക്കുന്നില്ല | وَلَا يَسْأَلْكُمْ |
| നിങ്ങളുടെ ധനം | أَمْوَالَكُمْ |
| അവൻ അത് നിങ്ങളോട് ചോദിക്കുകയും അപ്പോൾ നിരന്തരം നിങ്ങളെ നിർബന്ധിക്കുകയുമാണെങ്കിൽ (നിരന്തരം നിർബന്ധിച്ച് ചോദിക്കുകയാണെങ്കിൽ) | إِن يَسْأَلْكُمُوهَا فَيُحْفِكُمْ |
| നിങ്ങൾ പിശുക്കും, ലുബ്ധരാകും | تَبْخَلُوا |
| പുറപ്പെടുവിക്കും (വെളിപ്പെടുത്തുകയും ചെയ്യും) | وَيُخْرِجْ |
| നിങ്ങളുടെ മനോദൗഷ്ട്യങ്ങൾ | أَضْغَانَكُمْ |

**നിങ്ങളോടൊപ്പം അല്ലാഹുവുണ്ട്. അല്ലാഹുവിന്റെ പിന്തുണയുള്ളവരെ ആർക്കും തോൽപിക്കാനാവില്ല. നിങ്ങൾ കഴിവിൻപടി പോരാടുക. ബാക്കി അല്ലാഹു നോക്കിക്കൊള്ളും. നിങ്ങളുടെ പ്രയത്നങ്ങളെ അവൻ ഒരിക്കലും പാഴാക്കുകയില്ല. അതിനെ ഇകഴ്ത്തിക്കണ്ട് പ്രതിഫലം കുറക്കുകയുമില്ല.**

وَهَن (ദുർബലമായി, അവശമായി)ന്റെ വർത്തമാനകാല ബഹുവചനമാണ് تهنوا. സന്ധിയും ഒത്തു തീർപ്പുമാണ് سَلْم. ഇതിന് سِلْم എന്നും പാഠമുണ്ട്. دعوة (ക്ഷണം)ൽ നിന്നുള്ളതാണ് تدعوا. ഇവിടെ ഉദ്ദേശ്യം അപേക്ഷയാണ്. ന്യൂനീകരിക്കലും പാഴാക്കലുമായ وَتْر ൽനിന്നുള്ള വർത്തമാന ക്രിയയാണ് يتر. അവൻ ഒരിക്കലും നിങ്ങളുടെ പ്രയത്നം പാഴാക്കുകയില്ല എന്നും കുറച്ചു കാണുകയില്ല എന്നും കർമഫലത്തിൽ കുറവു വരുത്തുകയില്ല എന്നും وَلَن يَتِرَكُمْ أَعْمَالَكُمْ എന്ന വാക്യത്തിന് അർഥമാകാം. തമാശക്കും ഉല്ലാസത്തിനും വേണ്ടിയുള്ള കളികളായ لعب-ന്റെയും لهو-ന്റെയും ആശയം നേരത്തെ 6:32, 29:64 സൂക്തങ്ങൾക്ക് താഴെ വിശദമാക്കിയിരിക്കുന്നു. നിരന്തരം നിർബന്ധിച്ചു ചോദിച്ചുകൊണ്ടിരിക്കുകയാണ് الاحفاء. അതിൽനിന്നുള്ള വർത്തമാന ക്രിയയാണ് يُحْفِي.

ഒരാളുടെ പിന്നാലെ നടന്നു നിർബന്ധിച്ച് ചോദിച്ചുകൊണ്ടിരിക്കുന്നതിന് أحفاهُ في المسألة എന്നു പറയും. സൂക്ത സാരം: മദീനയുടെ അന്തരീക്ഷത്തിൽ യുദ്ധത്തിന്റെ കാർമേഘങ്ങൾ അടിഞ്ഞുകൂടുന്ന സാഹചര്യത്തിലാണ് സൂറയുടെ അവതരണമെന്ന് നേരത്തെ സൂചിപ്പവല്ലോ. സത്യനിഷേധികളുടെ പ്രതിലോമ പ്രവർത്തനങ്ങളെയെല്ലാം അല്ലാഹു പരാജയപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യുമെന്ന് -اضل اعمالهم - وسيحبط اعمالهم- ആവർത്തിച്ചു പറഞ്ഞുകൊണ്ട് മുസ്‌ലിംകളെ ധൈര്യപ്പെടുത്തുകയും ചെയ്തു. അതോടനുബന്ധിച്ച് ഉദ്ബോധിപ്പിക്കുകയാണ്: ആകയാൽ ശത്രുക്കളെത്തുമ്പോൾ നിങ്ങൾ ഭീരുക്കളും ദുർബലരുമായി ഭവിച്ചുകൂടാ. സന്ധിക്കു വേണ്ടി അവരോട് കെഞ്ചുകയുമരുത്. ശത്രുക്കളെക്കാൾ ശക്തരും ഉന്നതരും നിങ്ങൾ തന്നെയാണ്.

കാരണം, നിങ്ങളോടൊപ്പം അല്ലാഹുവുണ്ട്. അല്ലാഹുവിന്റെ പിന്തുണയുള്ളവരെ ആർക്കും തോൽപിക്കാനാവില്ല. നിങ്ങൾ കഴിവിൻപടി പോരാടുക. ബാക്കി അല്ലാഹു നോക്കിക്കൊള്ളും. നിങ്ങളുടെ പ്രയത്നങ്ങളെ അവൻ ഒരിക്കലും പാഴാക്കുകയില്ല. അതിനെ ഇകഴ്ത്തിക്കണ്ട് പ്രതിഫലം കുറക്കുകയുമില്ല.

ഈ ഉദ്ബോധനത്തിന്റെ സാന്ദർഭികമായ ഔചിത്യം ഇതാണ്: സത്യവും അസത്യവും തമ്മിലുള്ള സംഘട്ടനം യാഥാർഥ്യമാകുന്നുവെന്ന് കണ്ടപ്പോൾ കപടന്മാർ വിരണ്ടുപോയി. അക്കാര്യം നേരത്തെ 20-ാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. സമരോത്സുകരാകാൻ മാത്രമുള്ള വിശ്വാസ ദാർഢ്യമോ ആദർശ വീര്യമോ ധൈര്യമോ ഒന്നും അവർക്കില്ല. വിശ്വാസികളെ അല്ലാഹു സഹായിക്കുമെന്നൊന്നും വിശ്വസിക്കുന്നുമില്ല. യുദ്ധമുണ്ടായാൽ തങ്ങളുടെ കാര്യം പോക്കു തന്നെ എന്നവർ കരുതി. എങ്ങനെയെങ്കിലും ഏറ്റുമുട്ടൽ ഒഴിവാക്കുകയാണ് ഏക രക്ഷാ മാർഗം. യുദ്ധമൊഴിവാക്കാൻ മുസ്‌ലിംകൾ കുറെ വിട്ടുവീഴ്ചകൾ ചെയ്യുകയും പ്രതികൂലമായ ഏറെ ഉപാധികൾ അംഗീകരിക്കേണ്ടിയും വരും. ആയിക്കോട്ടെ, എന്നാലും തങ്ങൾക്ക് പടക്കളത്തിലിറങ്ങാതെ രക്ഷപ്പെടാമല്ലോ. അതിനു വേണ്ടി മുസ്‌ലിം സമൂഹത്തെ ഖുറൈശികളുടെ സൈനിക ശേഷി വർണിച്ച് ഭയപ്പെടുത്തിക്കൊണ്ട് സന്ധിക്ക് പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഖുറൈശികളെയും സമീപിച്ചിട്ടു പറഞ്ഞു: മദീനയിലെ മുഹാജിറുകളും അൻസ്വാറുകളുമൊക്കെ നിങ്ങളുടെ ബന്ധുക്കളും സ്വന്തക്കാരുമാണല്ലോ. അവരുമായി യുദ്ധം ഒഴിവാക്കുകയാണ് നല്ലത്. തൽക്കാലം മുഹമ്മദുമായി ഒരു ഒത്തുതീർപ്പിലെത്തുക. നിങ്ങൾക്കനുകൂലമായ ഉപാധികളും വ്യവസ്ഥകളും ഉന്നയിക്കാം. അത് മുഹമ്മദിന്റെ പ്രസ്ഥാനത്തെ പരാജയപ്പെടുത്താൻ കരുവാക്കാം. അങ്ങനെ രക്തം ചിന്താതെ തന്നെ ഈ വിപത്ത് ഒഴിവാക്കുന്നതല്ലേ കരണീയം. രണ്ട് കക്ഷികൾക്കുമിടയിൽ സമാധാനത്തിന്റെ വെള്ള പ്രാവുകളായി ചമയുകയായിരുന്നു അവർ.

ഏത് സാഹചര്യത്തിലും വിശ്വാസികൾ ശത്രുക്കളുമായി സന്ധി ചെയ്യാൻ പാടില്ലെന്ന് വിലക്കുകയല്ല ഈ സൂക്തം. ശത്രുക്കൾ യുദ്ധത്തിനൊരുമ്പെടുന്നത് കണ്ടാൽ, സ്വന്തം ശക്തിയും സജ്ജീകരണവും യുക്തിപൂർവം വിലയിരുത്താതെ തങ്ങൾ അവശരും ദുർബലരുമാണെന്ന് തീരുമാനിച്ച് പേടിച്ചരണ്ട് ഓടിച്ചെന്ന് സന്ധിക്ക് അപേക്ഷിക്കുന്നതാണ് വിലക്കുന്നത്. പരാജയം സമ്മതിക്കുന്നതിനും കീഴടങ്ങുന്നതിനും തുല്യമാണത്. അത്തരം സന്ദർഭങ്ങളിൽ ശത്രുക്കൾ ആപത്കരമായ ഉപാധികൾ ഉന്നയിക്കുകയും മുസ്‌ലിംകൾ അതൊക്കെ അംഗീകരിക്കാൻ നിർബന്ധിതരാവുകയും ചെയ്യും.

ഇക്കാര്യത്തിൽ ഫുഖഹാക്കളുടെ പൊതുവായ വീക്ഷണം ഇതാണ്: മുസ്‌ലിംകൾ ശക്തരായിരിക്കെ ശത്രുക്കളോട് സന്ധിക്ക് അപേക്ഷിക്കാൻ പാടില്ല. ജയിക്കാൻ നേരിയ സാധ്യതയെങ്കിലുമുണ്ടെങ്കിൽ ഏറ്റുമുട്ടാൻ തയാറാകണം. ഒരുവേള ജയിക്കാനായില്ലെങ്കിലും മുജാഹിദുകളുടെ പ്രയത്നത്തിന്റെ പ്രതിഫലത്തിൽ ഒരു കുറവും വരില്ല. وَلَن يَتِرَكُمْ أَعْمَالَكُمْ എന്ന വാക്യം ഈ ആശയം ഉൾക്കൊള്ളുന്നുണ്ട്. സന്ധിക്ക് തയാറാകണമോ, വേണ്ടേ എന്നു തീരുമാനിക്കേണ്ടത് രാഷ്ട്രവും അതിന്റെ സൈനിക നേതൃത്വവുമാണ്. യുദ്ധം ജയിക്കാനാവില്ലെന്നും, രാജ്യത്തിനും ജനങ്ങൾക്കും വമ്പിച്ച കെടുതികൾ സൃഷ്ടിക്കുമെന്നും കണ്ടാൽ സന്ധി ചെയ്യാം. യുദ്ധം ജയിക്കാമെങ്കിലും ആ ജയത്തെക്കാൾ ദീനിനും സമുദായത്തിനും ദീർഘകാലാടിസ്ഥാനത്തിൽ ഗുണകരമാവുക സന്ധിയും ഒത്തുതീർപ്പുമാണെന്ന് കണ്ടാലും സന്ധിക്കു തയാറാവാം. പ്രവാചകന്റെ ഹുദൈബിയാ സന്ധി ഇതിനു ദാഹരണമാണ്. തങ്ങൾ പൊരുതി ജയിക്കുകയോ മരിക്കുകയോ ചെയ്യുന്നത് വരെ ഏറ്റുമുട്ടുമെന്ന് കൂടെയുണ്ടായിരുന്ന സഖാക്കൾ പ്രതിജ്ഞ ചെയ്തിട്ടും പ്രവാചകൻ സന്ധിക്ക് സന്നദ്ധനാവുകയായിരുന്നു. ആ സന്ധി ദീർഘകാലാടിസ്ഥാനത്തിൽ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും വൻ വിജയമായിത്തീരുകയും ചെയ്തു. ആഫ്രിക്കൻ സമൂഹങ്ങളുമായി സംഘട്ടനത്തിലേർപ്പെട്ടിരിക്കെ അവരുമായി സന്ധി ചെയ്ത് ഈജിപ്തിലേക്ക് മടങ്ങാൻ ഉമർ (റ) മുസ്‌ലിംകളോട് കൽപിച്ചു. അതെക്കുറിച്ച് അദ്ദേഹം പറഞ്ഞതിങ്ങനെ: "മുസ്‌ലിംകളുടെ സുരക്ഷക്ക് മുൻഗണന നൽകുകയായിരുന്നു ഞാൻ." യുദ്ധം ജയിച്ച ശേഷം ശത്രുക്കളുമായി നീക്കുപോക്കുകളും ഒത്തുതീർപ്പുകളുമുണ്ടാ

**മുസ്‌ലിംകൾ ശക്തരായിരിക്കെ ശത്രുക്കളോട് സന്ധിക്ക് അപേക്ഷിക്കാൻ പാടില്ല. ജയിക്കാൻ നേരിയ സാധ്യതയെങ്കിലുമുണ്ടെങ്കിൽ ഏറ്റുമുട്ടാൻ തയാറാകണം. ഒരുവേള ജയിക്കാനായില്ലെങ്കിലും മുജാഹിദുകളുടെ പ്രയത്നത്തിന്റെ പ്രതിഫലത്തിൽ ഒരു കുറവും വരില്ല.**

## ഖുർആൻ ബോധനം

കുന്നതും വിലക്കപ്പെട്ട സന്ധിയിൽ പെടുന്നില്ല. അബൂബക് റി(ന്റെ) കാലത്ത് ദമസ്കസിന്റെ പകുതി അന്നാട്ടുകാർക്ക് വിട്ടുകൊടുത്തുകൊണ്ട് ഒത്തുതീർപ്പുണ്ടാക്കുകയുണ്ടായി. ഉമർ (റ) സൂദുൽ ഇറാഖുകാരുമായും ഇതുപോലെ സന്ധി ചെയ്യുകയുണ്ടായി. മുസ്‌ലിം രാജ്യത്തിന്റെയും ജനങ്ങളുടെയും താൽപര്യങ്ങൾ സംരക്ഷിക്കാൻ കൂടുതൽ ഗുണകരം എന്നു കണ്ടതുകൊണ്ടായിരുന്നു അതൊക്കെ.

എന്നാൽ ശത്രുസൈന്യം ഇങ്ങോട്ട് സന്ധിക്ക് അപേക്ഷിച്ചാൽ, പ്രത്യക്ഷത്തിൽ സത്യസന്ധമാണെന്നും വഞ്ചിക്കപ്പെടാൻ സാധ്യതയില്ലെന്നും കണ്ടാൽ സ്വീകരിക്കാം. وَإِن جَنَحُوا لِلسَّلْمِ فَاجْنَحْ لَهَا وَتَوَكَّلْ عَلَى اللَّهِ (ശത്രു ജനം സമാധാന സന്ധിയിലേക്ക് ചായുന്നുവെങ്കിൽ നീയും അതിനു സന്നദ്ധനാവണം. അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്യുക- 8:61).

അല്ലാഹുവിലുള്ള വിശ്വാസവും കൂറും വിധേയത്വവുമാണ് മനുഷ്യനെ ഉന്നതനാക്കുന്നത്. അതുകൊണ്ട് സത്യവിശ്വാസികൾ തന്നെയാണ് അവരുടെ വിരോധികളെക്കാളും കപട വിശ്വാസികളെക്കാളും ഔന്നത്യമുള്ളവർ. വിശ്വാസവും കൂറുമാണ് ഔന്നത്യത്തിന് അടിസ്ഥാനമെന്ന് മറ്റൊരിടത്ത് പ്രസ്താവിക്കുന്നുണ്ട്. وَلَا تَهِنُوا وَلَا تَحْزَنُوا وَأَنتُمُ الْأَعْلَوْنَ إِن كُنتُم مُّؤْمِنِينَ (നിങ്ങൾ ദുർബലരാവരുത്, ദുഃഖിക്കരുത്. യഥാർഥ സത്യവിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതർ- 3:139).

إِنَّمَا الْحَيَاةُ الدُّنْيَا എന്ന സൂക്തം ലഘു വ്യത്യാസത്തോടെ 6:32-ലും 29:64-ലും വന്നിരിക്കുന്നു. നിത്യമായ പാരത്രിക ജീവിതത്തെ അപേക്ഷിച്ച് ഭൗതിക ജീവിതം, വിനോദിക്കാനും വിശ്രമിക്കാനുമുള്ള (Refreshment) ഒരിടവേളയെന്നോണം ക്ഷണികവും ക്ഷുദ്രവുമാണെന്ന് താൽപര്യം. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്ക് താഴെ കാണുക.

لَا يَسْأَلْكُمْ أَمْوَالَكُمْ എന്ന വാക്യത്തിനു ശേഷം إحفاءً (നിർബന്ധമായി) എന്ന പ ദം അനുക്തമായിട്ടുണ്ടെന്ന് തുടർന്നുള്ള വാക്കുകളിൽനിന്ന് വ്യക്തമാണ്. അതായത്, നിങ്ങൾ സത്യസന്ധമായി വിശ്വസിക്കുകയും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ചു വർത്തിക്കുകയുമാണെങ്കിൽ അർഹിക്കുന്ന കർമഫലം അവൻ നൽകിക്കൊണ്ടിരിക്കും. അവൻ നിങ്ങളുടെ മുതലുകൾ നിർബന്ധിച്ചും മുട്ടിച്ചും ചോദിച്ചുകൊണ്ടിരിക്കുന്നില്ല. നിങ്ങളുടെ ഒരു മുതലും അവന്നാവശ്യമില്ല. വല്ലതും ചോദിക്കുന്നുവെങ്കിൽ അത് നിങ്ങൾക്കു വേണ്ടി തന്നെയാണ്. നിങ്ങൾ പരസ്പരം അനുകമ്പയും സഹകരണവുമുള്ള സംസ്കാരസമ്പന്നരായിത്തീരാൻ നിങ്ങളുടെ കൈവശമുള്ളതെന്തും തീരുവോളം ചെലവഴിക്കണമെന്ന് നിർബന്ധിക്കുന്നുമില്ല. നാം നൽകിയിട്ടുള്ളതിൽനിന്ന് ഒരു ഭാഗം -ممّا رزقناهم- വിശ്വാസികളുടെ ധനത്തിൽനിന്ന് ഒരു ഭാഗം സകാത്തായി വസൂൽ ചെയ്യുക- خُذْ مِنْ أَمْوَالِهِمْ صَدَقَةً- എന്നാണ് കൽപിക്കുന്നത്. കൈയിലുള്ളത് ഏറെയും അല്ലെങ്കിൽ മുഴുവനായും ചെലവഴിക്കണമെന്ന് കൽപിക്കുകയാണെങ്കിൽ നിങ്ങൾ ലുബ്ധരാകുമെന്ന് അല്ലാഹുവിനറിയാം. ലോഭം മനുഷ്യ സഹജമാണ്. സമ്പത്തിനോടുള്ള മോഹവും മനുഷ്യ സഹജമാണ്. وَأُحْضِرَتِ الْأَنفُسُ الشُّحَّ (മനസ്സുകൾ ലോഭസഹിതമാകുന്നു- 4:128). നാരികളിലും സന്തതികളിലും, സ്വർണത്തിലും വെള്ളിയിലും, മേത്തരം കുതിരകളിലും മറ്റു കാലികളിലും കൃഷിയിലുമൊക്കെയുള്ള മോഹം മനുഷ്യർക്ക് അലങ്കാരമാണെന്ന് 3:14-ൽ പ്രസ്താവിക്കുന്നുണ്ട്. അതുകൊണ്ട് കൈയിലുള്ളതപ്പാടെ ചെലവഴിച്ച് നിസ്വനാകരുതെന്നാണ് കൽപന. وَلَا تَجْعَلْ يَدَكَ مَغْلُولَةً إِلَىٰ عُنُقِكَ وَلَا تَبْسُطْهَا كُلَّ الْبَسْطِ فَتَقْعُدَ مَلُومًا مَّحْسُورًا (ആർക്കും ഒന്നും കൊടുക്കാതെ കൈ പിരടിയിൽ കെട്ടിവെച്ചു കൂടാ. കൈ പൂർണമായി വിടർത്തി ഉള്ളതെല്ലാം വിതരണം ചെയ്ത് നിസ്വനാവുകയുമരുത്. അങ്ങനെ ചെയ്താൽ നീ ആക്ഷിപ്തനും ദുഃഖിതനുമായി ഇരുന്നുപോകും-17:29).

ഉള്ളത് മുഴുവൻ ദാനം ചെയ്തുകൊള്ളണമെന്ന് വിധിക്കുകയാണെങ്കിൽ അത് സന്മനസ്സോടെ അനുസരിക്കപ്പെടുകയില്ല. പണക്കൊതിയും ലോഭവും പലരെയും ദീനിൽനിന്നു തന്നെ അകറ്റിയേക്കും. സമ്മർദത്തിനും നിർബന്ധത്തിനും വഴങ്ങി ഉള്ളതൊക്കെ ദാനം ചെയ്യേണ്ടിവരുന്നവരിൽ ആ ദാനത്തിന്റെ ഗുണഭോക്താക്കളോട് വെറുപ്പും വിദ്വേഷവും വളരുകയും സ്വാഭാവികമാണ്. ഇതൊക്കെയാണ് وَيُخْرِجْ أَضْغَانَكُمْ എന്ന വാക്യത്തിന്റെ താൽപര്യം. ضغن-ന്റെ അർഥം 29-ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിരിക്കുന്നു. ●

**നിങ്ങൾ സത്യസന്ധമായി വിശ്വസിക്കുകയും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിച്ചു വർത്തിക്കുകയുമാണെങ്കിൽ അർഹിക്കുന്ന കർമഫലം അവൻ നൽകിക്കൊണ്ടിരിക്കും.**

هَٰٓأَنتُمْ هَٰٓؤُلَآءِ تُدْعَوْنَ لِتُنفِقُوا۟ فِى سَبِيلِ ٱللَّهِ فَمِنكُم مَّن يَبْخَلُ ۖ وَمَن يَبْخَلْ
فَإِنَّمَا يَبْخَلُ عَن نَّفْسِهِۦ ۚ وَٱللَّهُ ٱلْغَنِىُّ وَأَنتُمُ ٱلْفُقَرَآءُ ۚ وَإِن تَتَوَلَّوْا۟ يَسْتَبْدِلْ قَوْمًا
غَيْرَكُمْ ثُمَّ لَا يَكُونُوٓا۟ أَمْثَٰلَكُم ﴿٣٨﴾

*38*

*കഷ്ടം! നിങ്ങളിതാ, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാനാവശ്യപ്പെടുമ്പോൾ ചിലർ പിശുക്കുന്നു. എന്നാൽ, പിശുക്കുന്നവൻ പിശുക്കുന്നത് തന്നോടു തന്നെയാകുന്നു. അല്ലാഹു തന്നിൽ തന്നെ എല്ലാം തികഞ്ഞവനാണ്. നിങ്ങളാണ് ആശ്രിതർ. നിങ്ങൾ ധർമമാർഗത്തിൽനിന്ന് പിന്മാറുകയാണെങ്കിൽ അവൻ മറ്റൊരു ജനതയെ പകരം കൊണ്ടുവരുന്നതാകുന്നു. എന്നിട്ട് അവർ നിങ്ങളെപ്പോലെയാവുകയില്ല.*

| | |
|---|---|
| (കഷ്ടം) നിങ്ങളിക്കൂട്ടർ ഇതാ | هَا أَنتُمْ هَٰؤُلَاءِ |
| നിങ്ങൾ വിളിക്കപ്പെടുന്നു (നിങ്ങളോടാവശ്യപ്പെടുന്നു) | تُدْعَوْنَ |
| നിങ്ങൾ ചെലവഴിക്കാൻ | لِتُنفِقُوا |
| അല്ലാഹുവിന്റെ മാർഗത്തിൽ | فِي سَبِيلِ اللَّهِ |
| അപ്പോൾ നിങ്ങളിൽനിന്ന് ചിലർ | فَمِنكُم |
| പിശുക്കു(ന്നു)ന്നവൻ | مَّن يَبْخَلُ |
| എന്നാൽ പിശുക്കുന്നവൻ | وَمَن يَبْخَلْ |
| അവൻ പിശുക്കുന്നത് തന്നോട് തന്നെയാകുന്നു | فَإِنَّمَا يَبْخَلُ عَن نَّفْسِهِ |
| അല്ലാഹു തന്നിൽ തന്നെ എല്ലാം തികഞ്ഞവനാകുന്നു | وَاللَّهُ الْغَنِيُّ |
| നിങ്ങളാണ് | وَأَنتُمُ |
| ആവശ്യക്കാർ, ആശ്രിതർ | الْفُقَرَاءُ |
| നിങ്ങൾ (ധർമമാർഗത്തിൽനിന്ന്) പിന്മാറുകയാണെങ്കിൽ | وَإِن تَتَوَلَّوْا |
| അവൻ (നിങ്ങൾക്ക്) പകരമാക്കും (കരം കൊണ്ടുവരും) | يَسْتَبْدِلْ |
| നിങ്ങൾ അല്ലാത്ത (മറ്റൊരു) ജനതയെ | قَوْمًا غَيْرَكُمْ |
| എന്നിട്ട് അവർ ആവുകയില്ല | ثُمَّ لَا يَكُونُوا |
| നിങ്ങളെപ്പോലെ(യുള്ളവർ) | أَمْثَالَكُم |

هَا أَنتُمْ هَٰؤُلَاءِ കപടവിശ്വാസികളുടെ നിലപാടിൽ സഹതാപം സൂചിപ്പിക്കുകയാണ്. ദൈവിക സരണിയിൽ ധനവ്യയം ചെയ്യാൻ ആവശ്യപ്പെടുമ്പോൾ നിങ്ങളുടെ നിലപാട് എത്ര ശോചനീയമാണ്! നിങ്ങളിൽ ചിലർ വല്ലാതെ പിശുക്ക് കാണിക്കുന്നു. വാസ്തവത്തിൽ പിശുക്കുന്നവൻ പിശുക്കുന്നത് തന്നോടുതന്നെയാണ്. തന്റെ തന്നെ സുരക്ഷയും പുരോഗതിയും സമാധാനവും തടയുകയാണവൻ. സൃഷ്ടികളുടേതായ യാതൊന്നും അല്ലാഹുവിന് ആവശ്യമില്ല. അവൻ തന്നിൽ തന്നെ എല്ലാം തികഞ്ഞവനാകുന്നു. നിങ്ങൾ-സൃഷ്ടികളാണ് അല്ലാഹുവിന്റെ ഔദാര്യവും ആശ്രയവും ആവശ്യമുള്ളവർ. അവൻ അനുഗ്രഹിച്ചരുളിയ സമ്പത്ത് അവൻ കൽപിച്ച വിധം വ്യയം ചെയ്താൽ ഈ ലോകത്തും പര

**സൃഷ്ടികളുടേതായ യാതൊന്നും അല്ലാഹുവിന് ആവശ്യമില്ല. അവൻ തന്നിൽ തന്നെ എല്ലാം തികഞ്ഞവനാകുന്നു.**

ലോകത്തും വിജയസൗഭാഗ്യങ്ങളുണ്ടാകും. وَإِن تَتَوَلَّوْا يَسْتَبْدِلْ എന്ന വചനം മുനാഫിഖുകൾക്കുള്ള താക്കീതാണ്. സത്യ-ധർമങ്ങൾ ബോധ്യപ്പെട്ട് അംഗീകരിച്ച ശേഷം ദേഹേഛകൾക്കും ധനാർത്തിക്കും വശംവദരായി കാപട്യം കൈക്കൊള്ളുകയും വിശ്വാസ സത്യങ്ങളുടെ അനിവാര്യ താൽപര്യങ്ങളിൽനിന്ന് പിന്നോട്ടു പോവുകയും, പ്രത്യക്ഷത്തിൽ വിശ്വാസികളായി നടിക്കുകയും ചെയ്യുന്നവർ ആ നടനം തുടർന്നാൽ സമ്പൂർണ നാശമായിരിക്കും ഫലം. അനന്തരം അല്ലാഹു അവർക്ക് പകരം മറ്റൊരു ജനതയെ ഉയർത്തിക്കൊണ്ടുവരും. സത്യ-ധർമങ്ങൾ വിശ്വസിച്ച് അംഗീകരിച്ച ശേഷം നിങ്ങളെപ്പോലെ ദേഹേഛകൾക്കും സ്വാർഥ ലാഭങ്ങൾക്കും വേണ്ടി അകമേ അതിൽനിന്ന് പിന്നോട്ടു പോവുകയും സത്യദീനിനെ വഞ്ചിക്കുകയും ചെയ്യുന്നവരായിരിക്കില്ല അവർ. മറിച്ച്, ആദർശ വിശ്വാസങ്ങൾക്ക് വേണ്ടി ജീവനും ധനവും നിർലോഭം സമർപ്പിക്കുന്നവരായിരിക്കും. നിങ്ങളോ, വിശ്വാസത്തെയും വിശ്വാസികളുടെ സമൂഹത്തെയും തകർക്കാൻ കച്ചകെട്ടിയിറങ്ങുന്നവരുമായി കൂട്ടുകൂടുന്നു. അവർക്ക് സഹായ സഹകരണങ്ങൾ വാഗ്ദാനം ചെയ്യുന്നു. ശത്രുക്കളാവട്ടെ, ലക്ഷ്യപ്രാപ്തിക്കു വേണ്ടി നിങ്ങളെ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. നിങ്ങളുടേതിൽനിന്ന് നേരെ വിപരീതമായിരിക്കും പകരം വരുന്ന ജനതയുടെ നിലപാട്. ثُمَّ لَا يَكُونُوا أَمْثَالَكُم എന്ന വാക്കിന്റെ മേൽ പറഞ്ഞ ആശയം കുറേ കൂടി വ്യക്തമായി പറയുന്നുണ്ട് 5:54-ൽ.

يَا أَيُّهَا الَّذِينَ آمَنُوا مَن يَرْتَدَّ مِنكُمْ عَن دِينِهِ فَسَوْفَ يَأْتِي اللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ أَذِلَّةٍ عَلَى الْمُؤْمِنِينَ أَعِزَّةٍ عَلَى الْكَافِرِينَ يُجَاهِدُونَ فِي سَبِيلِ اللَّهِ وَلَا يَخَافُونَ لَوْمَةَ لَائِمٍ ذَٰلِكَ فَضْلُ اللَّهِ يُؤْتِيهِ مَن يَشَاءُ وَاللَّهُ وَاسِعٌ عَلِيمٌ

(അല്ലയോ സത്യവിശ്വാസികളേ, നിങ്ങളിൽ വല്ലവനും സ്വധർമത്തിൽനിന്ന് പിന്മാറുന്നുവെങ്കിൽ അല്ലാഹുവിന് അതുകൊണ്ട് ഒരു ദോഷവുമില്ല. അവൻ സ്നേഹിക്കുന്നവരും അവനെ സ്നേഹിക്കുന്നവരുമായ മറ്റൊരു ജനതത്തെ അവൻ ഉയർത്തിക്കൊണ്ടുവരുന്നതാകുന്നു. അവരോ, സത്യവിശ്വാസികൾക്ക് വഴങ്ങുന്നവരും സത്യനിഷേധികൾക്ക് വഴങ്ങാത്തവരും, അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവരും, യാതൊരാക്ഷേപകന്റെയും ആക്ഷേപം ഭയപ്പെടാത്തവരുമായിരിക്കും. അത് അല്ലാഹു അവനിഛിക്കുന്നവർക്ക് നൽകുന്ന അനുഗ്രഹമത്രെ. അല്ലാഹു വിശാല ഹസ്തനും എല്ലാം അറിയുന്നവനുമല്ലോ. ●

الحمد لله الذي وفّقني لإتمام تنوير سورة محمد

**സൃഷ്ടികളാണ് അല്ലാഹുവിന്റെ ഔദാര്യവും ആശ്രയവും ആവശ്യമുള്ളവർ. അവൻ അനുഗ്രഹിച്ചരുളിയ സമ്പത്ത് അവൻ കല്പിച്ച വിധം വ്യയം ചെയ്താൽ ഈ ലോകത്തും പരലോകത്തും വിജയസൗഭാഗ്യങ്ങളുണ്ടാകും.**